**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 536** | **10-07-2024 - ൽ മറുപടിയ്ക്ക്**

**ഹില്ലി അക്വാ കുപ്പിവെള്ളത്തിന്റെ വിറ്റുവരവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ വിപണിയിൽ എത്തിച്ച ഹില്ലി അക്വാ കുപ്പിവെള്ളത്തിന്റെ വിറ്റുവരവിലൂടെ ഇക്കഴിഞ്ഞ വേനൽക്കാലത്ത് എത്ര കോടി രൂപയുടെ അധികനേട്ടം ഉണ്ടാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | മുൻ വർഷത്തെ വേനൽ കാലമായ 2022 ഡിസംബർ മുതൽ 2023 മെയ് വരെ ആകെ വില്പന 3.28 കോടി രൂപയായിരുന്നു. എന്നാൽ ഈ കഴിഞ്ഞ വർഷത്തെ വേനൽ കാലത്ത് (2023 ഡിസംബർ മുതൽ 2024 മെയ് വരെ) ആകെ വിറ്റുവരവ് 6.59 കോടി രൂപയാണ്. 3.31 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ വർഷത്തെ ആകെ വിറ്റുവരവ് എത്ര കോടി രൂപയായിരുന്നു എന്ന് അറിയിക്കുമോ; | (ബി) | 2023-24 സാമ്പത്തിക വർഷത്തിൽ ആകെ വരവ് 8.75 കോടി രൂപയാണ്. |
| (സി) | വിറ്റുവരവ് കൂടുന്നതിനനുസരിച്ച് ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ; | (സി) | കുപ്പിവെള്ളത്തിന്റെ ആവശ്യകത വർദ്ധിച്ച സീസണിൽ (ഡിസംബർ മുതൽ മെയ് വരെ) ഇരു പ്ലാന്റുകളിലും മൂന്നു ഷിഫ്റ്റുകൾ വരെ ഉൽപാദനം നടത്തി മാർക്കറ്റിൽ വിതരണം ചെയ്തു. കൂടാതെ വിതരണക്കാർ ആവശ്യപ്പെടുന്ന അളവിൽ ഉള്ള കുപ്പിവെള്ളം യഥാസമയം വിതരണം ചെയ്യുന്നതിനുള്ള നടപടി അരുവിക്കരയിലും തൊടുപുഴയിലും ഉള്ള പ്ലാന്റുകളിൽ നടപ്പാക്കി. ഉല്പാദനത്തിന് ആവശ്യമായ പരമാവധി അസംസ്കൃത വസ്തുക്കൾ മുൻകൂട്ടി ശേഖരിച്ചിരുന്നു. |
| (ഡി) | കഴിഞ്ഞ സാമ്പത്തികവർഷം എത്ര കോടി രൂപയുടെ വരുമാനമാണ് കമ്പനി നേടിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ഡി) | കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (2023-24) ആകെ 35 ലക്ഷം രൂപയുടെ ലാഭം ലഭിച്ചു. ആകെ വിറ്റുവരവ് 8.75 കോടി രൂപയായിരുന്നു. |

സെക്ഷൻ ഓഫീസർ